**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1688** **16-10-2026-ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഗാരേജുകളുടെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജക മണ്ഡലത്തിലെ വെള്ളറട, പാറശ്ശാല കെ.എസ്.ആർ.ടി.സി. ഗാരേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ശോച്യാവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗാരേജുകളുടെ നവീകരണത്തിനും യാത്രക്കാർക്കും ജീവനക്കാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെള്ളറട, പാറശ്ശാല ഗ്യാരേജുകളിലെ അപര്യാപ്തത സംബന്ധിച്ച് ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളറട ഡിപ്പോയിൽ ഇൻസ്പെക്ഷൻ പിറ്റ് ഉൾപ്പെടെ നാല് ബേകളുള്ള ഗ്യാരേജ് നിർമ്മിക്കുന്നതിനായി 2 കോടി രൂപ 2027-28 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പാറശ്ശാല ഡിപ്പോയിലെ യാർഡ് വിപുലീകരണ പ്രവർത്തനങ്ങൾക്കായി 1.75 കോടി രൂപ 2026-27 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാർക്കിംഗ് ഗ്രൗണ്ട് ടിക്കറ്റ് & ക്യാഷ്, സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ട്രാൻസ്പോർട്ട് മാനേജ്മെന്റ് (TMC) കമ്മിറ്റിയിൽ മുമ്പാകെ വച്ചിട്ടുള്ളതാണ്.

**(ബി)** മണ്ഡലത്തിലെ കറുങ്കട്ടിയിൽ കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പ് സ്ഥാപിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുള്ള ഭൂമി നിലവിൽ ഉപയോഗിക്കാതെ കാടുകയറി കിടക്കുന്നതും സംരക്ഷണമില്ലാത്ത അവസ്ഥയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭൂമി കെ.എസ്.ആർ.ടി.സി. യുടെ ഏതെങ്കിലും സ്ഥാപനം, വർക്ക്ഷോപ്പ്, പരിശീലന കേന്ദ്രം, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കുറുങ്കുട്ടിയിൽ കെ.എസ്.ആർ.ടി.സി.യുടെ റീജിയണൽ വർക്ക്ഷോപ്പ് സ്ഥാപിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള ഭൂമി കെ.എസ്.ആർ.ടി.സി.യുടെ ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുണ്ട്.

**(സി)** പ്രസ്തുത ഭൂമി നിലവിൽ ഉപയോഗപ്പെടുത്താതെ കിടക്കുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി. യുടെ ഏതെങ്കിലും സ്ഥാപനം ആരംഭിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. തലത്തിൽ പദ്ധതിയോ നിർദ്ദേശമോ നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** പ്രസ്തുത ഭൂമി നിലവിൽ ഉപയോഗപ്പെടുത്താത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി.യുടെ ഏതെങ്കിലും സ്ഥാപനം ആരംഭിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. തലത്തിൽ പദ്ധതിയോ നിർദ്ദേശമോ നിലവിലില്ല.

**(ഡി)** പാറശ്ശാല നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഗാരേജുകളുടെയും കറുങ്കട്ടിയിലെ കെ.എസ്.ആർ.ടി.സി. ഭൂമിയുടെയും ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പാറശ്ശാല നിയോജക മണ്ഡലത്തിലെ വെള്ളറട, പാറശ്ശാല ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളറട ഡിപ്പോയിൽ ഇൻസ്പെക്ഷൻ പിറ്റ് ഉൾപ്പെടെ നാല് ബേകളുള്ള ഗ്യാരേജ് നിർമ്മിക്കുന്നതിന് 2027-28 വർഷത്തെ പ്ലാൻ ഫണ്ടിൽ 2 കോടി രൂപ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പാറശ്ശാല ഡിപ്പോയിലെ യാർഡ് വിപുലീകരണത്തിന് 2026-27 വർഷത്തെ പ്ലാൻ ഫണ്ടിൽ 1.75 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കറുങ്കട്ടിയിലെ കെ.എസ്.ആർ.ടി.സി. ഭൂമിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നത് പരിശോധിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**